**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 266** **10-06-2024 - ൽ മറുപടിയ്ക്ക്**

**പഠനാവശ്യത്തിന് മൃതശരീരം നൽകുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മരണാനന്തരം ശരീരം മെഡിക്കൽ വിദ്യാർത്ഥികളുടെ പഠനാവശ്യത്തിനായി നൽകുന്ന നടപടി പ്രോത്സാഹിപ്പിക്കുന്നതിനും അപ്രകാരം നൽകുന്ന ശരീരം കൃത്യമായി സ്വീകരിക്കുന്നതിനും സർക്കാർ മെഡിക്കൽ കോളേജുകളിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ജീവിച്ചിരിക്കുമ്പോൾ സ്വയം നൽകുന്ന സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിലുള്ള മൃതശരീരദാനം ഇപ്പോൾ കൂടുതലായി നടന്നുവരുന്നുണ്ട്. ഇതിലേയ്ക്ക് ആകർഷിക്കാനും, മൃതശരീരദാനം സമൂഹത്തിൽ കൂടുതൽ സ്വീകാര്യമാക്കാനും താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>• മുൻ കാലങ്ങളെ അപേക്ഷിച്ച് മരണശേഷം മൃതദേഹം ഏറ്റെടുക്കുന്നതിലേക്കുള്ള നടപടി ക്രമങ്ങൾ ജനങ്ങൾക്ക് സ്വീകാര്യമാകും വിധം ലളിതമാക്കിയിട്ടുണ്ട്.<br>• സമ്മതപത്രം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ മെഡിക്കൽ കോളേജുകളിലെ അനാട്ടമി വിഭാഗത്തിൽ എല്ലാവരും കാണത്തക്ക രീതിയിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.<br>• വിവിധ സാമൂഹിക സേവന പ്രതിബദ്ധതയുള്ള സംഘടനകൾ വഴി മൃതശരീര ദാനത്തിന്റെ ആവശ്യകത ജനങ്ങളിലേയ്ക്ക് എത്തിച്ചു വരുന്നു. കൂടാതെ മൃതശരീര ദാനത്തിന്റെ പ്രസക്തിയെക്കുറിച്ച് പഠനക്ലാസ്സുകളും നടത്തിവരുന്നു.<br>• മൃതദേഹം കൃത്യമായി സ്വീകരിക്കുന്നതിന് മെഡിക്കൽ കോളേജുകളിലെ അനാട്ടമി വിഭാഗത്തിലെ അദ്ധ്യാപകരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇപ്രകാരം ശരീരം പഠനാവശ്യത്തിന് നൽകാൻ സമ്മതപത്രം നൽകിയിട്ടുള്ളവരുടെ പേരുവിവരങ്ങൾ മെഡിക്കൽ കോളേജിൽ സൂക്ഷിച്ചിട്ടുണ്ടോ; സമ്മതപത്രം നൽകിയിട്ടുള്ളവർക്ക് അതിൻപ്രകാരം | (ബി) | ഉണ്ട്. സമ്മതപത്രം തരുന്ന മുറയ്ക്ക് അവ ഫയൽ ചെയ്ത് സൂക്ഷിക്കുകയും രജിസ്റ്ററിൽ നമ്പറിട്ട് രേഖപ്പെടുത്തുകയും ചെയ്യുന്നു. കൂടാതെ സമ്മതപത്രം നൽകുന്ന വ്യക്തികൾക്ക് അവരുടെ പ്രവർത്തിയെ |

| | | | |
|---|---|---|---|
| | സാക്ഷ്യപത്രം നൽകാറുണ്ടോ; ഇല്ലെങ്കിൽ സാക്ഷ്യപത്രം നൽകുമോ; | | അനുമോദിക്കും വിധം രജിസ്റ്റർ നമ്പർ രേഖപ്പെടുത്തി ഫോട്ടോ ഒട്ടിച്ച സർട്ടിഫിക്കറ്റും നൽകാറുണ്ട്. |
| (സി) | പല മെഡിക്കൽ കോളേജുകളിലും പഠനാവശ്യത്തിന് മൃതശരീരം നൽകാൻ എത്തുമ്പോൾ ഒട്ടേറെ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | മെഡിക്കൽ കോളേജിൽ മൃതദേഹം ദാനം ചെയ്യുവാൻ എത്തുന്നവർക്ക് ഇതുവരെ ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പഠനാവശ്യത്തിനായി മൃതദേഹം എത്തിക്കുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാനായി മരണ വിവരം കോളേജിൽ അറിയിക്കുമ്പോൾ തന്നെ ഏതെല്ലാം രേഖകൾ കൊണ്ടുവരണമെന്ന് ബന്ധുക്കളെ അറിയിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ